# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3338 19.06.2018 ൽ മറുപടിയ്ക്ക്**

**എം.എൽ.എ. ഫണ്ടുപയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് വാങ്ങിയ വാഹനങ്ങൾക്ക് റോഡ് നികുതി**

| | ചോദ്യം<br>ശ്രീ.ചിറയം ഗോപകുമാർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് ലഭ്യമാക്കിയ വാഹനങ്ങൾ സർക്കാർ വാഹനങ്ങൾ എന്ന വിഭാഗത്തിൽ പ്പെടുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | സർക്കാർ സ്കൂളുകളിലെ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ തുടങ്ങിയവരുടെ പേരിൽ രജിസ്റ്റർ ചെയ്യ വാഹനങ്ങൾ സർക്കാർ വാഹനങ്ങളുടെ ഗണത്തിൽ പെടുന്നതാണ്. എന്നാൽ ഇത്തരം വാഹനങ്ങൾ പി.റ്റി.എ.പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയവരുടെ പേരിൽ രജിസ്റ്റർ ചെയ്താൽ അത് സർക്കാർ വാഹനങ്ങളുടെ ഗണത്തിൽ പെടുകയില്ല. |
| (ബി) | അടൂർ മണ്ഡലത്തിൽ ഇപ്രകാരം ഫണ്ട് ലഭ്യമാക്കി ബന്ധപ്പെട്ട സർക്കാർ സ്കൂളുകളുടെ എച്ച്.എം/പ്രിൻസിപ്പൽ എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നില്ല എന്ന കാരണത്താൽ റോഡ് നികുതി ഈടാക്കി വരുന്നത് നിയമാനുസൃതമാണോ; | (ബി) | സർക്കാർ വാഹനങ്ങൾ സാധാരണ സർക്കാർ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുകൊണ്ടാണ് അവയ്ക്ക് SRO 878/75 പ്രകാരം നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾ വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കികൊണ്ട് വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുകൊണ്ട് സർക്കാർ സ്കൂളുകളിലെ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്യ സർക്കാർ വാഹനങ്ങളുടെ ഗണത്തിൽപ്പെടുന്ന ഇത്തരം ബസ്സുകളിൽ നിന്നും നികുതി ഈടാക്കുന്നത്. |
| (സി) | പ്രസ്തുത ബസ്സുകളുടെ രജിസ്ട്രേഷൻ ജില്ലാ വിദ്യാഭ്യാസ മേധാവിയായ ഡി.ഡി.ഇ.യുടെ പേരിൽ ആണെങ്കിൽ മാത്രമേ സർക്കാർ വാഹനം എന്ന നിലയിലുള്ള നികുതിയിളവിന് അർഹതയുള്ളൂ എന്ന ഗതാഗതവകുപ്പ് അധികൃതരുടെ നിലപാട് നിയമാനുസൃതമാണോ; | (സി) | എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സ് എന്ന വിഭാഗത്തിൽ പെടുന്ന വാഹനങ്ങൾ പ്രിൻസിപ്പൽ, എച്ച്.എം., ഡി.ഡി.ഇ. എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്താലും നികുതി അടയ്ക്കേണ്ടതാണ് |
| (ഡി) | ഈ വാദഗതി ഉന്നയിച്ച് സംസ്ഥാനത്ത് സർക്കാർ സ്കൂൾ അധികാരികളുടെ പേരിൽ ലഭ്യമാക്കിയിട്ടുള്ള എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള വാഹനങ്ങൾക്ക് നികുതി ഈടാക്കി വരുന്ന വ്യവസ്ഥ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) യും (ഇ) യും | എം.പി/എം.എൽ.എ. ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങിയ സ്കൂൾ ബസ്സുകൾ, മറ്റുവിധത്തിൽ വാങ്ങിയ സ്കൂൾ ബസ്സുകൾ എന്നിങ്ങനെ സ്കൂൾ ബസ്സുകളെ രണ്ടു വിഭാഗമായി തരം തിരിച്ചുകൊണ്ട് ഒരു വിഭാഗത്തിന് നികുതി ഒഴിവാക്കുന്നത് വിവേചനപരമാണ്. ആയതിനാൽ എല്ലാ വിഭാഗം സ്കൂൾ ബസ്സുകളും മേൽ വ്യവസ്ഥകൾക്ക് വിധേയമായി വാഹന നികുതി അടക്കേണ്ടതാണ്. |
| (ഇ) | പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിന്റെ ഭാഗമായി നമ്മുടെ സർക്കാർ സ്കൂളുകളെ ശാക്തീകരിക്കുന്നതിന് സഹായകമായ ഈ വിഷയത്തിന്മേൽ സത്വര അനുകൂല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ